**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5541** 2-11-2016 **-ൽ മറുപടിക്ക്**

**മലപ്പുറം റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ പദ്ധതി**

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ (REDB) പദ്ധതിക്ക് അംഗീകാരം ലഭിച്ച തീയ്യതി, കരാർ പ്രവൃത്തി തുടങ്ങിയ തീയ്യതി, പൂർത്തീകരിക്കാൻ നൽകിയ സമയം എന്നിവ വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനയുടെ ഒരു ഘടകമായ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ (REDB) പ്രകാരം മലപ്പുറം ജില്ലയിൽ മങ്കടയിൽ ഒരു പുതിയ 66 കെ. വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 10.3.2010-ൽ അംഗീകാരം ലഭിക്കുകയും 31.10.2011-ൽ പ്രവൃത്തി തുടങ്ങുകയും ചെയ്തു. പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ നൽകിയ സമയം എഗ്രിമെന്റ് പ്രകാരം 9 മാസമായിരുന്നു. എന്നാൽ പദ്ധതി പൂർത്തീകരണത്തിനും കോൺട്രാക്കർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും ഈ സമയം പല ഘട്ടങ്ങളിലായി 31.1. 2016 വരെ നീട്ടികൊടുത്തു. |
| (ബി) | മലപ്പുറം ജില്ലയിൽ പദ്ധതിയുടെ പ്രവർത്തനം എവിടെയെല്ലാമാണ് നടന്നുവരുന്നത്; എത്ര ശതമാനം പൂർത്തിയായി; വിശദമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ മങ്കടയിൽ മാത്രമാണ് ഈ പദ്ധതി ഉണ്ടായിരുന്നത്. 66 കെ. വി സബ്സ്റ്റേഷനും (110.കെ.വി Standards) അനുബന്ധ ലൈനുകളും (1.52 KM & 66 K.V Line) നിർമ്മിച്ചു. |
| (സി) | പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് കാലതാമസം നേരിടുമോ;ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | മങ്കടയിൽ (REDB) പ്രകാരം സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും നിർമ്മിക്കുന്ന പ്രവൃത്തികൾ 30.09.2015-ന് പൂർത്തീകരിച്ചു. 28.12.2015 മുതൽ സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. |

**സെക്ഷൻ ഓഫീസർ**